**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2276** **06-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ തൊഴിൽ ദിനങ്ങൾ ഗണ്യമായി കുറയാനിടയാക്കുന്ന കേന്ദ്ര സർക്കാർ തീരുമാനം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ തൊഴിൽ ആവശ്യകത കണക്കാക്കി, 2022-23 വർഷം 10.47 കോടി തൊഴിൽ ദിനങ്ങൾക്ക് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും 6 കോടി തൊഴിൽദിനങ്ങൾക്ക് മാത്രമേ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂ. ഈ സാമ്പത്തിക വർഷം നാളിതുവരെയായി 133.90 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിൽദിനങ്ങൾ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കുറവ്, അനുവദിച്ചതിൽ അധികമായി സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങൾക്കുള്ള വേതനം കൃത്യ സമയത്ത് ലഭിക്കുന്നതിന് തടസ്സമായേക്കും. സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതിനും മാസങ്ങളുടെ കാലതാമസമുണ്ടാകുന്നത് സംസ്ഥാനത്തെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. |
| (ബി) | എസ്.സി., ജനറൽ വിഭാഗങ്ങൾക്ക് വ്യത്യസ്ത സമയങ്ങളിലാണ് തൊഴിലുറപ്പ് വേതനം ലഭിക്കുന്നത് എന്നത് പരാതികൾക്കിടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും, ഈ സാമ്പത്തിക വർഷം മുതൽ വ്യത്യസ്ത രീതിയിലുള്ള വേതന വിതരണം കേന്ദ്ര സർക്കാർ അവസാനിപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഒരു ഗ്രാമപഞ്ചായത്തിന് മെറ്റീരിയൽ ഫണ്ട് വിനിയോഗിച്ച് നടത്താൻ കഴിയുന്ന പ്രവർത്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പുതുതായി നിയന്ത്രണങ്ങളൊന്നും കൊണ്ടുവന്നട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ വേതന-സാധന അനുപാതം 60:40 ആയിരിക്കണം എന്ന വ്യവസ്ഥയുണ്ട്. ഇത് പുതിയ നിബന്ധന അല്ല. |

സെക്ഷൻ ഓഫീസർ